/

പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1183 11.07.2011- ൽ മറുപടിയ്ക്ക്

<u>ഗുണമേന്മയുള്ള കന്നുകാലികളെ ലഭ്യമാക്കാൻ നടപടി</u>

<u>ചോദ്യം</u>

ശ്രീ. എം.വി.ശ്രേയാംസ് കുമാർ:

<u>ഉത്തരം</u>

ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി).

(എ) ഗുണമേന്മയുള്ള കന്നുകാലികളെ കർഷകർക്ക് ലഭ്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(എ) ഗുണമേന്മയുള്ള കന്നുകാലികളെ കർഷകർക്ക് ലഭിക്കുന്നതിനും നിലവിൽ കർഷകർ പരിപാലിക്കുന്ന കന്നുകാലികളുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

(1) പ്രജനന നയത്തിൽ അധിഷ്ഠിതമായ സങ്കര പ്രജനന രീതി അവലംബിച്ചു വരുന്നു.

(2) ഗുണമേന്മയുള്ള പ്രീമിയം ബുൾ സെമൻ ലഭ്യമാക്കുന്നു.

(3) കന്നുകുട്ടികളെ ശാസ്ത്രീയമായി സംരക്ഷിക്കുന്നതിനുള്ള കന്നുകുട്ടി പരിപാലന പദ്ധതി നടപ്പിലാക്കി വരുന്നു

(4) വിവിധ പദ്ധതികൾ വഴി മേൽത്തരം കറവപശുക്കളെ കർഷകർക്ക് ലഭ്യമാക്കുന്നു.

(ബി) ഇതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ:

(ബി) (എ) കന്നുകാലികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് സർക്കാർ ഒരു പ്രജനന നയം ആവിഷ്കരിച്ച് അതിന്റെ അടിസ്ഥാനത്തിൽ കന്നുകാലി പ്രജനന പ്രവർത്തനങ്ങൾ നടത്തി വരുന്നു.

(ബി) കൃത്രിമ ബീജദാനം സംസ്ഥാനത്ത് സാർവ്വത്രികമാക്കി

(സി) ഉത്പാദനശേഷി കൂടിയ പശുക്കളുടെ തലമുറയെ സൃഷ്ടിക്കുന്നതിനായി സങ്കര പ്രജനനത്തിനായി ഗുണമേന്മ കൂടിയ പ്രീമിയം ബുൾ സെമൻ സങ്കര പ്രജനന പരിപാടികളുടെ വികസനം എന്ന പദ്ധതി വഴി ലഭ്യമാക്കി വരുന്നു.

(ഡി) കർഷകരുടെ നിലവിലുള്ള സങ്കരയിനം പശുക്കുട്ടികളെ ശാസ്ത്രീയ രീതിയിൽ പരിപാലിപ്പിച്ച് അവയുടെ ഉദ്പാദനശേഷി വർദ്ധിപ്പിക്കുന്നതിനായി കന്നുകുട്ടി പരിപാലന പദ്ധതിയിലൂടെ സൗജന്യ നിരക്കിൽ തീറ്റ, രോഗ പരിരക്ഷ, ഇൻഷുറൻസ് പരിരക്ഷ എന്നിവ നൽകി വരുന്നു.

(ഇ) ഗുണമേന്മയുള്ള കന്നുകാലികളെ പല പദ്ധതികളിലൂടെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വാങ്ങി വിതരണം ചെയ്തുവരുന്നു.

(എഫ്) ശാസ്ത്രീയ രീതികളിൽ കന്നുകാലികളെ പരിപാലിച്ച് അവയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് കർഷകർക്ക് പരിശീലനങ്ങളും ബോധവൽക്കരണ പരിപാടികളും വിജ്ഞാന വ്യാപനവും പരിശീലനവും എന്ന പദ്ധതി വഴി സംഘടിപ്പിച്ചു വരുന്നു.

(ജി) വാണിജ്യാടിസ്ഥാനത്തിൽ ചെറുകിട-ഇടത്തരം കന്നുകാലി കർഷകരുടെ ഫാമുകളിൽ സന്ദർശനം നടത്തി അവർക്ക് ആവശ്യമായ ഉപദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും മറ്റ് മരുന്നുകളും നൽകിവരുന്നു.

(സി) വിദർഭ മോഡൽ പാക്കേജ് നടപ്പാക്കുന്നതിന്റെ ഭാഗമായി വയനാട് ജില്ലയിൽ എത്ര പശുക്കളെ വിതരണം ചെയ്യുവെന്ന് നിയോജകമണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

(സി) വയനാട് ജില്ലയിൽ വിദർഭ പദ്ധതിയിലൂടെ 1500 കർഷകർക്ക് 3000 പശുക്കളെ വിതരണം ചെയ്യുകയുണ്ടായി നിയമസഭാ നിയോജകമണ്ഡലാടിസ്ഥാനത്തിൽ വിതരണം ചെയ്ത പശുക്കളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| നിയോജക മണ്ഡലം | വിതരണം ചെയ്ത പശുക്കളുടെ എണ്ണം | | | |
|---|---|---|---|---|
| | 2006 -07 | 2007 -08 | 2008 -09 | ആകെ |
| സുൽത്താൻ ബത്തേരി | 386 | 312 | 309 | 1007 |
| മാനന്തവാടി | 366 | 284 | 278 | 928 |
| കൽപ്പറ്റ | 252 | 402 | 411 | 1065 |

സെക്ഷൻ ഓഫീസർ.